**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 569** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | മത്സ്യബന്ധന വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങളും, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിവരങ്ങളും താഴെ പറയുന്നു. 1. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന പുനർഗേഹം പദ്ധതി ആലപ്പുഴ മണ്ഡലത്തിലും നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിൽ 228 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മണ്ണുംപുറത്ത് ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം നടന്നു വരുന്നു. 2. സമ്പാദ്യ സമാശ്വാസ പദ്ധതി വഴി ആലപ്പുഴ മണ്ഡലത്തിൽ 12186 ഗുണഭോക്താക്കൾക്ക് 60,93,000/- രൂപ വിതരണം ചെയ്തു. 3. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 4. ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ പഞ്ചായത്തുകളിലെ മത്സ്യകർഷകർക്കായി ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം പദ്ധതി, പ്രധാൻ മന്ത്രി മത്സ്യസംപാദ യോജന പദ്ധതി (PMMSY) തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. ടി പദ്ധതികളുടെ ഘടക പദ്ധതികളായ ബയോഫ്ളോക് മത്സ്യകൃഷി, പടുതാകുളങ്ങളിലെ മത്സ്യകൃഷി തുടങ്ങിയവയാണ് നടപ്പാക്കിവരുന്നത്. ആയതനുസരിച്ച് ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട 457 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 5. Sustainable marine fishing practices പദ്ധതിയുടെ ഭാഗമായി Square mesh നൽകുന്ന പദ്ധതി. 6. കടൽ സുരക്ഷ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് GPS, VHF, Marine Radio, Satellite Phone, ലൈഫ് ജാക്കറ്റ് എന്നിവ നൽകുന്നു. 7. |

മത്സ്യത്തൊഴിലാളികളിൽ നിന്നും അർഹരായവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി Sea Rescue Squad രൂപീകരിക്കുന്ന പദ്ധതി. 8. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കാൻ Insulated Fish Box നൽകുന്ന പദ്ധതി. 9. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള മെഡിക്കൽ എൻട്രൻസ് കോച്ചിംഗ്, സിവിൽ സർവ്വീസ് കോച്ചിംഗ്, ബാങ്ക് കോച്ചിംഗ്, Career Guidance എന്നിവ നടപ്പാക്കി വരുന്നു. 10. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ, മണ്ണെണ്ണ പെർമിറ്റ് എന്നിവ നടപ്പിലാക്കി വരുന്നു. 11. മാതാപിതാക്കൾ മരണമടഞ്ഞ കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി. 12. മെഡിക്കൽ ക്യാംപ്, ട്രോൾബാൻ സമയത്ത് സൗജന്യ റേഷൻ നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു. 13. തീരദേശ ഉൾനാടൻ മേഖലകളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം നൽകുന്നതും, സെക്രട്ടറിമാർക്ക് പ്രതിമാസ വേതനമായി 10,000/- രൂപ നൽകുന്നതുമായ പദ്ധതി 2019-20 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്നു. 14. കായലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപ പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 10 കടവാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ആലപ്പുഴ നിയോജക മണ്ഡലത്തിലെ മണ്ണഞ്ചേരി പഞ്ചായത്തിൽ ഉൾപ്പെടുന്ന അമ്പലക്കടവും ആര്യാട് പഞ്ചായത്തിൽ ഉൾപ്പെടുന്ന വിരുശ്ശേരി അമ്പലം തെക്ക് കടവും ആണ്. ഓരോ കടവിലും 5 ലക്ഷം കാരചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. 15. ടൗട്ടേ ചുഴലിക്കാറ്റിന്റെയും അറബിക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുമായി ആലപ്പുഴ മണ്ഡലത്തിൽ 4008 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1200/- രൂപ വീതം വിതരണം ചെയ്തു. ലോക്ക്ഡൗൺ, ടൗട്ടേ ചുഴലിക്കാറ്റ് എന്നിവയുമായി ബന്ധപ്പെട്ട് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. 16. സാഫ്-തീരമൈത്രി

| | | | |
|---|---|---|---|
| | | | മുഖേന സൂക്ഷ്മ തൊഴിൽ സംരഭങ്ങളുടെ വികസനം, സീഫുഡ് റെസ്റ്റോറന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 17. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ജി.എച്ച്.എസ്സ്.എസ്സ്. പൊള്ളത്തൈ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം | 7.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എച്ച്.എസ്സ്.എസ്സ്. പൊള്ളത്തൈ സ്പോർട്സ് കിറ്റ് വിതരണം | 3.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി.എച്ച്.എസ്സ്.എസ്സ്. പൊള്ളത്തൈ അടുക്കള നിർമ്മാണം | 10.00 | പദ്ധതി പൂർത്തീകരിച്ചു |
| | **കിഫ്ബി പദ്ധതികൾ** | | |
| 4 | ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണം | 9743.00 | നടപടി സ്വീകരിച്ചു വരുന്നു |
| 5 | ജി.യു.പി.എസ്സ്. ആര്യാട് നോർത്ത് പുനരുദ്ധാരണം | 85.135 | ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു |
| 6 | മണ്ണാഞ്ചേരി മത്സ്യമാർക്കറ്റ് നിർമ്മാണം | 147.400 | TS എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു വരുന്നു |

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പു മുഖേനയും മറ്റ് ഏജൻസികള് മുഖേനയും നടപ്പാക്കി വരുന്ന പദ്ധതികള് ചുവടെ ചേർക്കുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം
   പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നപദ്ധതി.
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവസിപ്പിക്കുന്ന
   പുനർഗേഹം പദ്ധതി.
3. വിദ്യാഭ്യാസ സഹായ പദ്ധതികള് - ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾ പ്രീമെട്രിക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം. പോസ്റ്റ് മെട്രിക് തലം മുതൽ ഇ- ഗ്രാന്റ്സ് വഴി വിദ്യാഭ്യാ സാനുകൂല്യം നൽകുന്നു.

4.മത്സ്യബന്ധനയാനങ്ങള്ക്കും എഞ്ചിനുകള്ക്കും ഇൻഷുറൻസ് പദ്ധതി.

5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടല് സുരക്ഷാ പദ്ധതി പ്രകാരം ജി.പി.എസ്, ലൈഫ് ബോയ്, DAT, VHF Marine Radio എന്നിവ സബ്സിഡി വഴി നൽകുന്നു.

6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സ് നൽകുന്ന പദ്ധതി.

7. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് ജാക്കറ്റ്, നാവിക ഉപകരണങ്ങൾ, സാറ്റ്ലൈറ്റ് ഫോൺ, എഫ്.ആർ.പി ബോട്ട്, കടൽ സുരക്ഷാ സ്ക്വാഡുകൾ, ഓഖിയിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, ഓഖിയിൽ വീട് നഷ്ടപ്പെട്ടവർക്ക് സ്ഥലവും വീടും എന്നിവ നടപ്പാക്കി വരുന്നു.

8. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇന്ഷുറന്സ് പദ്ധതി.

9. വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം.

10. മത്സ്യത്തൊഴിലാളി വനിതകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി വായ്പ നൽകി മത്സ്യവിപണനത്തിന് പ്രാപ്തരാക്കുന്ന പദ്ധതി.

11. സാഫ്, മത്സ്യഫെഡ് വഴി നടപ്പാക്കുന്ന sea food restaurant.

12. മത്സ്യഫെഡ് വഴി 47 ഫ്രഷ് ഫിഷ് മാർട്ടും, 53 സഹകരണ സംഘങ്ങൾ ഫ്രാൻഞ്ചൈസി വഴി നടത്തുന്ന ഫിഷ് മാർട്ടുകൾ ഉൾപ്പെടെ 100 മത്സ്യവിപണന കേന്ദ്രങ്ങൾ.

13. സഞ്ചരിക്കുന്ന 10 മത്സ്യ വിപണന മാർട്ടുകൾ മൊബൈൽ ഫിഷ് മാർട്ട് 'അന്തിപ്പച്ച' എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു.

14. തീരദേശത്തെ കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭാതീരം പദ്ധതി.

15. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സുരക്ഷിതമായും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി യും ഫിഷറീസ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സമുദ്ര പദ്ധതി.